**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1298** **19-06-2024 - ൽ മറുപടിയ്ക്ക്**

**മണിയൂർ, വില്യാപ്പള്ളി ഐ.ടി.ഐ കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ, വില്യാപ്പള്ളി എന്നീ ഐ.ടി.ഐ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മണിയൂർ ഐ.ടി.ഐ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പ്രവർത്തികളും, വില്യാപ്പള്ളി ഐ.ടി.ഐ യുടെ ഗ്രൗണ്ട് ഫ്ലോർ റൂഫ് സ്ലാബിന്റെ പ്രവർത്തികളും പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; കെട്ടിടത്തിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെ; ഇവ വിശദമാക്കാമോ; | (ബി) | മണിയൂർ ഐ.ടി.ഐ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ റൂഫ് സ്ലാബിന്റെ മണിയൂർ, വില്യാപ്പള്ളി ഐ.ടി.ഐ-കളുടെ നിർമ്മാണ പ്രവൃത്തികൾ 2025 മാർച്ച് മാസത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>1. മണിയൂർ ഐ.ടി.ഐ കെട്ടിടത്തിൽ സ്റ്റാഫ് റൂം, വർക്ക് ഷോപ്പ്, toilet ബ്ലോക്ക്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, പ്രിൻസിപ്പൽ റൂം തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2. വില്യാപ്പള്ളി ഐ.ടി.ഐ കെട്ടിടത്തിൽ ഡ്രോയിംഗ് ഹാൾ, placement സെൽ, സ്റ്റാഫ് റൂം, സ്റ്റോർ റൂം, വർക്ക് ഷോപ്പ്, toilet ബ്ലോക്ക്, ഓഫീസ്, പ്രിൻസിപ്പൽ റൂം, ലൈബ്രറി തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | ബഹു. കുറ്റ്യാടി എം.എൽ.എ-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന കുറ്റ്യാടി മണ്ഡലത്തിലെ സി.എം.ടി. യോഗത്തിൽ പ്രവൃത്തിയുടെ പുരോഗതിയെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു, 2025 മാർച്ച് മാസത്തോട്ടു കൂടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേക്കുള്ള വർക്ക് ചാർട്ട് തയ്യാറാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ 2025 മാർച്ച് മാസത്തോട്ടു കൂടി പൂർത്തികരിക്കുന്നതിന് കരാറുകാരനിൽ നിന്ന് ഉറപ്പ് വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ